# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 4880

05.02.2014-ലെ മറുപടിക്ക്

## കൽപ്പറ്റ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണം പൂർത്തിയാക്കുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വൈത്തിരി, പൊഴുതന, മേപ്പാടി, കോട്ടത്തറ, പടിഞ്ഞാറത്തറ, മുട്ടിൽ, വെങ്ങപ്പള്ളി, തരിയോട്, കണിയാമ്പറ്റ, മൂപ്പൈനാട് എന്നീ ഗ്രാമ പഞ്ചായത്തുകളിൽ പദ്ധതി നിർവ്വഹണം പുരോഗതി കൈവരിക്കുന്നതിനായി എല്ലാ ഗ്രാമ പഞ്ചായത്തുകളിലും നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് ചേർക്കുകയും പുരോഗതി പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നുണ്ട്. എല്ലാ മാസവും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, സെക്രട്ടറിമാരുടെ ജില്ലാതല മീറ്റിംഗ് വിളിച്ച് പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുകയും പദ്ധതി വിഹിതത്തിന്റെ 60 ശതമാനത്തിൻ താഴെ ചെലവഴിച്ച പഞ്ചായത്തുകളിൽ പെർഫോമൻസ് ആഡിറ്റ് സൂപ്രണ്ടുമാരും പഞ്ചായത്ത് അസിസ്റ്റൻഡ് ഡയറക്ടറും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും നേരിട്ട് പോയി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

(.....2)

| | | | |
|---|---|---|---|
| ബി) | പഞ്ചായത്ത് പ്രവൃത്തികൾ കാര്യക്ഷമമായി നിർവ്വഹിക്കാൻ ആവശ്യമായ സാങ്കേതിക വിഭാഗം ജീവനക്കാർ പഞ്ചായത്തുകളിൽ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൽപ്പറ്റ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിൽ മൂന്നാംതരം ഓവർസീയർമാരുടെ 4 ഒഴിവുകളും ഒന്നാംതരം ഓവർസീയർമാരുടെ 2 ഒഴിവുകളും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 1 ഒഴിവും നിലവിൽ ഉണ്ട്. |
| സി) | ഓരോ പഞ്ചായത്തിലും ആവശ്യത്തിനു സാങ്കേതിക വിഭാഗം ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | സി) | നടപടികൾ കൈക്കൊണ്ട് വരുന്നു. |

സെക്ഷൻ ഓഫീസർ